In the Name of Allah, The Most Gracious, The Most Merciful

# SPEECH 2009

## EXTRACT OF THE DISCOURSE OF THE KHALIFATULLAH OF THIS ERA MUNIR AHMAD AZIM-SPIRITUAL HEAD OF THE JAMAAT UL SAHIH AL ISLAM, PERTAINING ON THE CALAMITIES WHICH THE WORLD IS FACING



## IN THE NORTH -EAST OF MAURITIUS

### After Zohr Prayer on Sunday 10th May 2009

**സഹീഹിൽ ഇസ്ലാം ജമാഅത്തിന്റെ ആത്മീയ നേതാവും, ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ്‌യും ആയ ഹസ്രത് മുനീർ അഹ്മദ് അസീം(atba) ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിപത്തുകളെ സംബന്ധിച്ച് 2009 മെയ് മാസം 10-ാം തീയതി ഞായറാഴ്ച സുഹർ നമസ്ക്കാരാനന്തരം നടത്തിയ പ്രസംഗം**

സദസ്യർക്ക് സലാം അർപ്പിച്ച്, തശഹ്ഹുദും, തഅവദും സൂറ അൽഫാത്തിഹയും ഓതി ഖലീഫത്തുല്ലാഹ് പ്രസംഗം തുടങ്ങി.

എന്റെ പ്രിയങ്കരരായ സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളെ,

ഇന്ന് നാം വെല്ലുവിളികൾ നിറഞ്ഞ ഒരു ലോകത്തെയും സമയത്തെയുമാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ കോപത്തിന്റെ അടയാളങ്ങൾ ആണ് എങ്ങും കാണുവാൻ സാധിക്കുന്നത്. വിപത്തുകൾക്കുമേൽ വിപത്തുകൾ നമ്മുടെ ലോകത്തെ/നാടിനെ ചതച്ചരച്ചുകൊണ്ടിരിക്കുന്നു? ഇതെന്തുകൊണ്ട് സംഭവിക്കുന്നു? ലോകാരംഭം മുതൽ തന്നെ അല്ലാഹു തന്റെ പ്രവാചകന്മാരിലൂടെ മാനവജനതയ്ക്കു നല്കിയ മാർഗ്ഗദർശനങ്ങളിൽ നിന്നും ജനങ്ങൾ അകന്ന് വഴിപിഴച്ചവരായി മാറിയതിന്റെ പരിണിതഫലം തന്നെയാണ് ഇത്.

ദൈവീക നിയമങ്ങളെ ഇക്കാലത്തെജനത കാറ്റിൽ പറത്തുന്നതിന്റെ ഫലമായി ലോകം നേരിടാൻ പോകുന്ന വമ്പിച്ച കെടുതികളെ പറ്റി അല്ലാഹു എനിയ്ക്ക് ആവർത്തിച്ചാവർത്തിച്ച് (തുടരെത്തുടരെ) വെളിപാടുകൾ ഇറക്കി തന്നുകൊണ്ടിരിക്കുന്നു. ലോകം കലുഷിതമായികൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളാലും, പ്രളയത്താലും ലോകം വിപത്തുകളെ നേരിടും. സാമ്പത്തിക അരക്ഷിതാവസ്ഥ ഉണ്ടാകും, ഇന്ധനവില വർദ്ധിയ്ക്കും, എല്ലാ അർത്ഥത്തിലും ലോകത്ത് ദാരിദ്ര്യം പ്രകടമാകും. ആളുകൾക്ക് തൊഴിൽ നഷ്ട

പ്പെടുന്ന അവസ്ഥയുണ്ടാകും. വ്യവസായ സ്ഥാപനങ്ങളും, കമ്പനികളും,ഹോട്ടലുകളും അടച്ചിടും. രാഷ്ട്രീയ നേട്ടമുണ്ടാക്കുന്നതിനായി നേതാക്കന്മാർ സാധാരണക്കാരെ പിഴിയും (ചൂഷണം ചെയ്യും) അതുവഴി അവരെ കൂടുതൽ കഷ്ടത്തിലാക്കും. ആയതിനാൽ, നമ്മൾ പ്രത്യേകിച്ച് മൗറിഷ്യസിലെ ആളുകൾ, കൂടുതൽ ശ്രദ്ധാലുക്കൾ ആയി മാറേണ്ടതുണ്ട്. കാരണം നമ്മുടെ രാജ്യം വൈവിധ്യമാർന്ന സംസ്ക്കാരങ്ങൾ കൂടിച്ചേർന്ന ഒരു രാജ്യമാണ്. നമ്മൾ ഏതെങ്കിലുമൊരു രാഷ്ട്രീയ ചായ്വുള്ളവർ ആകരുത്. കാര്യമെന്തെന്നു ചോദിച്ചാൽ അത്തരം ചായ്വുകൾ നമ്മുടെ രാജ്യത്ത് ജാതിപരവും മതപരവും, വർഗ്ഗ (ഗോത്രം) പരവുമായ പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെടാൻ കാരണമാകും. നേതാക്കന്മാർ എപ്പോഴും, പണത്തിനും പദവിയ്ക്കും വേണ്ടി പരക്കം പായുന്നവരത്രേ. അങ്ങനെയുള്ള പാച്ചിലിൽ പെട്ട് നിഷ്ക്കളങ്കരായ അനേകർക്ക് തങ്ങളുടെ ജീവൻ ബലികൊടുക്കേണ്ടി വരും. ചോരപ്പുഴയൊഴുകും നാടുതോറും! ഇത് മൗറിഷ്യസിൽ മാത്രമല്ല ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും നടക്കുക തന്നെ ചെയ്യും.

ഇത്തരം വിപത്തുകളിൽ നിന്നും അല്ലാഹു അവന്റെ ആത്മാർത്ഥത നിറഞ്ഞ ഭക്തദാസരെ സംരക്ഷിക്കുന്നതാണ് എന്ന് എന്നെ അറിയ്ക്കുകയും എനിയ്ക്ക് വാഗ്ദാനം നല്കുകയും ചെയ്തിരിക്കുന്നു.

ലോകം ദയനീയമായ കാഴ്ചകളാൽ നിറയും. മനുഷ്യർ കാരുണ്യത്തിനും, ദയയ്ക്കുമായി കേഴും. നമുക്കറിയാം ഇപ്പോൾ, ഒരു വൈറസിന്റെ സാന്നിധ്യം ഈ ലോകത്ത് കണ്ടെത്തിയിരിക്കുന്നു. മാരകമായ ഈ വൈറസിന്റെ ആക്രമണം മെക്സികോയിൽ ആണ് ആരംഭം കുറിച്ചത്. പിന്നീടത് അമേരിയ്ക്കയിലേക്കും മറ്റു രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചു. ഈ വൈറസ് സ്വൈൻ ഇൻഫ്ലുവൻസ വൈറസ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇപ്പോൾ അതിനെ H1 N1 വൈറസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ആക്രമണം മുഖേന പലരും മരണമടയുന്നു. ബാക്കിയുള്ളവർ ഇതിന്റെ പകർച്ചയെ പേടിച്ച് ഭയന്നു കഴിയുന്നു.

ലോകമിപ്പോഴൊരു നിശ്ചലാവസ്ഥയിലാണ്. ഈ വൈറസ് തന്നെയോ, അല്ലെങ്കിൽ ഇതിന്റെ ഗണത്തിൽപ്പെടുന്ന ആക്രമണശേഷി കൂടിയ വൈറസോ, മഹാമാരി പടർത്തുന്ന ഒന്നായി ലോകത്ത് പ്രത്യക്ഷപ്പെടുമോ എന്ന് ചിന്തിക്കുന്ന ആൾക്കാരും ഉണ്ട്. ഇന്നുവരെ, ഈ ഇൻഫ്ലുവൻസ A എന്ന വൈറസ് ലോകത്ത് വിവിധ രാജ്യങ്ങളിലായി രോഗം വ്യാപനം ചെയ്യുന്നുണ്ട് എന്ന് സ്ഥിരീകരിച്ചിരിക്കുന്നു. വിവിധരാജ്യങ്ങൾ ഇത്തരം രോഗവിവരങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്നു. H1 N1 വൈറസ് (ഇൻഫ്ലുൻസ് A ) ബാധയേറ്റ 3440 കേസുകൾ ആണ് ലോകത്ത് നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രിയപ്പെട്ടവരെ, ഞാൻ നിങ്ങളെ ഈ ഒരു കാര്യം ഓർമ്മിപ്പിയ്ക്കാനാ ഗ്രഹിക്കുന്നു. ഇത്തരം വൈറസ് ആക്രമണം നിലനില്ക്കുക മാത്രമല്ല. അത് ഇനിയും കൂടിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. തീർച്ച, കാരണം അല്ലാഹു എന്നോട് വെളിപ്പെടുത്തിത്തന്നിരിക്കുന്നത് മാരകമായ ഈ വൈറസ് മനുഷ്യഗണത്തിലെ ഒരാൾക്കും തന്റെ കഴിവ് ഉപയോഗിച്ച് തടയാനോ പ്രതിരോധിക്കാനോ സാധിക്കില്ല എന്നും, അത് അതിന്റെ ആക്രമണം മൂലം ലോകത്തിനെ നശിപ്പിക്കും എന്നും ആണ്. ഈ നാശത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ കഴിയുന്ന ഒരേയൊരു സംഗതിയേയുള്ളു അത് നമ്മുടെ സ്രഷ്ടാവിലേക്ക് തിരിയുക എന്നതു മാത്രമാണ്.

അവന്റെ കല്പനകൾ അക്ഷരംപ്രതി പാലിക്കുക. ഒരേയൊരു ദൈവത്തെ ആരാധിക്കുക. അവനോട് പശ്ചാത്താപത്തിനായി (മോക്ഷ പ്രാപ്തിയ്ക്കായി) കേണപേക്ഷിക്കുക. നമ്മളെല്ലാ ഓരോരുത്തരും-സ്വയമേവ എല്ലാവിധ മോശപ്രവൃത്തികളിൽ നിന്നും, അതായത്, അധാർമ്മിക പ്രവൃത്തികൾ, അഴിമതി, കള്ളത്തരം, കുറ്റം ചെയ്യൽ, വ്യഭിചാരം, ബലാത്സംഗം, മദ്യപാനം, മയക്കുമരുന്ന് കൈമാറ്റം ചെയ്യൽ, സ്വന്തം സഹോദരങ്ങളെ പോലും കൊല ചെയ്യൽ, അസൂയ, വിദ്വേഷം, വെറുപ്പ് തുടങ്ങിവയിൽ നിന്നും അകന്നു നില്ക്കേണ്ടതും, അവനോട് പാപപ്പൊറുതിയ്ക്കായി അർത്ഥിക്കേണ്ടതുമാണ്.

ഈ പുതിയ തരം ഇൻഫ്ലുവൻസ മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകർന്നു കൊണ്ടിരിക്കുന്നു. ഈ വൈറസിന്റെ ഉറവിടം ഇതുവരെയും ഗവേഷകർക്കും ശാസ്ത്രഞ്ജൻമാർക്കും കണ്ടെത്തുന്നിത് സാധിച്ചിട്ടില്ല. സർവ്വശക്തനായ ദൈവത്തിന്റെ ശിക്ഷാ നടപടിയുടെ ഭാഗമാണ് ഈ പകർച്ചവ്യാധി.

ഈ രോഗത്തിനും ഇൻഫ്ലുവൻസയുടെ അതേ ലക്ഷണങ്ങൾ ആണ് കാണപ്പെടുക. ചുമ, തുമ്മൽ തുടങ്ങിയവ. രോഗി ചുമയ്ക്കുമ്പോഴും, തുമ്മുമ്പോഴും കഫത്തിന്റെ കണികകൾ കൈകളിലും, ശരീരഭാഗങ്ങളിലും വീഴുകയും അതിൽ നിന്ന് വൈറസ് വായുവിൽ പടരുകയും ചെയ്യുന്നു. അങ്ങനെ മലിനമാക്കപ്പെട്ട വായു ശ്വസിക്കുന്ന അടുത്ത വ്യക്തിയിൽ ഇതുപകരുകയും അദ്ദേഹവും അതേ രോഗലക്ഷണങ്ങൾ കാണിക്കുകയും ചെയ്യുന്നു. പക്ഷേ, ഈ ടൈപ്പ് വൈറസിനെ ഭൂലോകത്തുള്ള ഒരു മനുഷ്യനും നിയന്ത്രണ വിധേയമാക്കാൻ സാധ്യമല്ല.

H1 N1 വൈറസ് ഇൻഫ്ലുൻസ A യുടെ പ്രാരംഭ ദശയിൽ സാധാരണ ഫ്ലുവിന് കാണപ്പെടുന്ന ലക്ഷണങ്ങളായ പനി, തലവേദന, ശരീരത്തിലെ മസിലുകൾക്കും, സന്ധികൾക്കും വേദന, തൊണ്ടവേദന, മൂക്കൊലിപ്പ് ഇവ കാണപ്പെടും. മറ്റു ചിലപ്പോൾ ഛർദ്ദിയും, വയറിളക്കവും കാണുന്നു. ഈ

വൈറസ് രോഗം പൊട്ടിപ്പുറപ്പെടുന്നതിന് മുമ്പ് വിവിധ അവസരങ്ങളിലായി അല്ലാഹു (ത) എനിക്ക് ഇതു സംബന്ധമായ വെളിപാടുകളിറക്കി നല്കിയിരുന്നു.

ഒരു വെളിപാടിൽ അല്ലാഹു അരുളുകയുണ്ടായി

യാ ഖലീഫത്തുല്ലാഹ്, ഫഖദ്, കദ്ദബൂ ഫസയഅ്തീഹിം മാ കാനൂബിഹിം യസ്തഅ്സിഊൻ

"Ya Khalifatullah faqad kazzabuu fasaya'tii him ambaaa'u maa kaanuu bihii yastahzi'uun"

ഓ! ഖലീഫത്തുല്ലാഹ് തീർച്ചയായും അവർ ഇതിനെ തള്ളിക്കളയും (കള്ളമായി കണക്കാക്കിക്കൊണ്ട്) എന്നാൽ അവർ പരിഹസിച്ചുകൊണ്ടിരുന്നതിനെ സത്യപ്പെടുത്തിക്കൊണ്ട് ഈ വാർത്ത അവരുടെ അടുക്കലെത്തും ഒട്ടും വൈകാതെ തന്നെ

ഫഅസാബഹും സയ്യി ആത്തു മാ അമിലൂ വഹഖ ബിഹിം മാ കാനൂ ബിഹീ യസ്തഅ്സിഊൻ

"Fa'asaabahum sayyi'aatu maa amiluu wa haqqa bihim maa kaanuu bihii yasttahzi' uun"

അവർ ചെയ്ത ദുഷ്ടതയുടെ പരിണിതഫലം അവരെ ബാധിച്ചിരിക്കുന്നു.അതായത് അവർ പരിഹസിയ്ക്കുകയും പുച്ഛിച്ചു തള്ളുകയുംചെയ്തുകൊണ്ടിരുന്നതെന്തോ അത് അവരെ വലയം ചെയ്തു.

ഇന്നല്ലാഹ ലാ യുഖയ്യറു മാ ഖവ്മിൻ ഹത്തായുഖയ്യറൂന ബി അൽഫൂസിഹിം ഇന്നഹൂ അവ്വൽ ഹുരിയത്ത

Innallaha la yoghayyero ma beqawmin hatta yoghayyerouna be anfosehim, innahou awal quryata

താന്റ് കി ലാ മാലഡി ഡെസ് ഒകർസ് നെ സെറ പാസ്യേകാർട്ടെ. ല എപിഡെമി വിസിബിൾഓസ് സെലോയ്നെറ പ്ലാസ് (ഫ്രഞ്ച്)

അതായത്, ഹൃദയത്തിലെ ദുഷ്ടതകളെ അകറ്റാത്തിടത്തോളം, ദൃശ്യമാകുന്ന രോഗത്തെയും അകറ്റാനാവില്ല.

അഹോ കഷ്ടം! ദുരിതകാലം! ദുരിതകാലം! ദുരിതകാലം! ഇതവർ ഇരന്നു വാങ്ങിയതത്രേ! ദൈവീക കോപം അവരെ കാർന്നു തിന്നും പശ്ചാത്തപിച്ചു മടങ്ങാനൊരു അവസരവും നല്കാതെ, അവരുടെ ഉള്ളിൽ നിന്നും ഒരു കഠിന വ്യാധി അവരെ പിടികൂടും. അതവരുടെ ശരീരവ്യവസ്ഥയെ തകിടം മറിയ്ക്കുകയും അവരെ നിസ്സാഹതയിലേക്ക് തള്ളിവിടുകയും ചെയ്യും. AIDSവൈറസിന്റെ പരിണിതഫലങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. അതുപോലുള്ള അനവധി വൈറസുകൾ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. അതുപോലുള്ള അനവധി വൈറസുകൾ പ്രത്യക്ഷപ്പെടും. അതിലൊന്ന് അതീവ

മാരകമായിരിക്കും. പ്രതിവിധിയില്ലാത്ത ഒരു വൈറസ് രോഗം. ഇതിനെ കുറിച്ച് ഞാൻ മുമ്പ് നിങ്ങളോട് പറഞ്ഞിട്ടുള്ളതാണ്. ലോകമിന്ന് ദുരന്ത മുഖത്താണ്. AIDSവൈറസിൽ നിന്നും മാനവസമൂഹത്തെ എങ്ങനെ രക്ഷപ്പെടുത്താം എന്ന് കുഴയ്ക്കുന്ന ചോദ്യം അവരെ വേട്ടയാടുന്നുണ്ട്. ഇതാ, ഇപ്പോൾ മറ്റൊരു തരം വ്യാധിയെ അവർ (മാനവസമൂഹം) നേരിടാൻ പോവുന്നു. ദൈവീകേച്ഛയെ പുച്ഛിച്ചു പുറന്തള്ളിയതിന്റെ ഫലമായിട്ടാണ് ഇത്തരം പരീക്ഷണങ്ങൾ നേടിടേണ്ടി വരുന്നത്. മനുഷ്യർ നാമാവശേഷരാകും, വിധവകൾ വിലപിക്കുന്ന കാഴ്ചകൾ കാണേണ്ടി വരും. കുഞ്ഞുങ്ങൾക്ക് ഭാവി നഷ്ടമാകും. ദൈവേച്ഛനടപ്പാക്കുന്നതിൽ നിന്നും ദൈവത്തെ തടയുവാൻ നിങ്ങൾക്ക് സാധിക്കുമോ? ഭൂമി തന്റെ നാഥന്റെ കല്പനകളെ തിരസ്ക്കരിച്ചതിൽ ആകാശം സങ്കടപ്പെട്ട് വിലപിയ്ക്കും. അവരുടെ വേദനയിൽ താങ്കൾ പങ്കാളിയാകേണ്ട. താങ്കൾ അവർക്കു നല്കിയ സന്ദേശത്തെ അവർ പുച്ഛിച്ചുതള്ളുന്ന വേളയിൽ താങ്കൾ അനുഭവിച്ച വേദന അതിലേറെയാണ്. ദൈവീകേച്ഛ നടപ്പാവുക തന്നെ ചെയ്യും. താങ്കളുടെ സന്ദേശം കേൾക്കാൻ തയ്യാറുള്ള മാനവസമൂഹത്തിനു വേണ്ടി പ്രാർത്ഥിയ്ക്കുക. താങ്കൾക്ക് പാരിതോഷികമായി അല്ലാഹു വച്ചിരിക്കുന്ന പ്രതിഫലം ഓർത്ത് സന്തോഷിക്കുക. താങ്കളെ സ്നേഹിക്കുന്നതിൽ നിന്നും ദൈവത്തെ വിലക്കുവാൻ താങ്കൾക്കു സാധിക്കുമോ? കഴിഞ്ഞ കാലങ്ങളിൽ നേരിട്ടതുപോലെ ലോകം വീണ്ടും ദുരന്തത്തെ നേരിടും. പക്ഷേ, ഇത്തവണ അത് കഴിഞ്ഞു കടന്നതിനേക്കാൾ കെടുതി വിതയ്ക്കുന്നതായിരിക്കും. നിഷ്ക്കളങ്ക ഹൃദയത്തോടെ ജനങ്ങളെ ക്ഷണിക്കുക.

ദൈവീക അനുഗ്രഹത്തിലേക്കുള്ള താങ്കളുടെ ഹൃദ്യമായ ക്ഷണം അവരെ മുൻകടന്നുപോയ പ്രവാചകന്മാർ അവരുടെ ജനതയ്ക്കു കാണിച്ചു കൊടുത്ത അതേ പാതയിൽ എത്തിക്കും. ഭയപ്പെടേണ്ട, താങ്കൾ വിജയിക്കുവാനായി വന്നവനത്രേ. താങ്കൾ എന്നോടൊപ്പമുണ്ട്. ഒരു പിതാവിന്റെ ഒപ്പമുള്ള മകനെ പോലെ. (ദൈവത്തിന്റെ) എന്റെ വെളിപാടുകൾ ആളുകൾ തെറ്റായി ഗ്രഹിച്ചേക്കാം. കാരണം അവർക്ക് എന്റെ അല്ലാഹുവിന്റെ ദൈവത്തിന്റെ വാക്കുകളുടെ ആഴം ശരിയായി ഗ്രഹിക്കുന്നതിനുള്ള അറിവോ, ശേഷിയോ ഇല്ല എന്നുള്ളതാണ്. ബുദ്ധിമാന്മാർ ഒഴിച്ച്! എന്നാൽ, ബുദ്ധിമാന്മാർക്ക് അതു ഗ്രാഹ്യമായ സംഗതിയത്രേ. അല്ലാഹു ഇച്ഛിക്കുന്നത് പ്രവർത്തിക്കുന്നവനാണ് എന്ന പൂർണ്ണബോധ്യമുള്ളവരാണ് അവർ. അവർ ദൈവത്തെ അങ്ങേയറ്റം ഭയക്കുന്നവരും, ദൈവീക മാർഗ്ഗത്തിൽ പോരാടാൻ മുന്നിട്ടിറങ്ങുന്നവരുമാണ്.

ഈ ദൈവീക സംഘത്തിൽ അനേകം പടയാളികൾ വന്നുചേരും. അവർ ദൈവത്തെ ഭയക്കുന്നവരും ദൈവഭക്തരും ആയിരിക്കും. എന്റെ വാക്കുകൾ (അല്ലാഹുവിന്റെ) ലോകമെങ്ങും പ്രചരിപ്പിക്കുന്നതിന് അവർ

തങ്ങളുടെ സമയം ഉപയോഗപ്പെടുത്തുന്നതായിരിക്കും. നിന്റെ ദൈവം നിന ക്കായി വിധിച്ചതിനെപ്പറ്റി സംശയിക്കേണ്ട. ഈ നൂറ്റാണ്ടിലെ ഖലീഫത്തു ല്ലാഹ് യെ തിരസ്ക്കരിച്ചതോർത്ത് ലോകം വിലപിയ്ക്കുകയും, കണ്ണീർവാർക്കുകയും ചെയ്യും. ഓർത്തു കൊള്ളുക, ഇന്നല്ലെങ്കിൽ നാളെ, അവർ താങ്കളെ അന്വേഷിച്ചു വരിക തന്നെ ചെയ്യും. താങ്കൾ കൊണ്ടു വന്ന അല്ലാഹുവിന്റെ അനുഗ്രഹം തേടി, തങ്ങളുടെ മനസ്സാക്ഷിക്ക് ആശ്വാസം/ കുളിർമ്മ തേടി അവർ വരിക തന്നെ ചെയ്യും.

“Wa Kazaalika ‘akhzu Rabbiika ‘izaaa ‘akhazal-quraa wa hiya zaalimah: ‘inna ‘akhzahuuu ‘aliimun shadiid.”

വ കദാലിക അക്സു റബ്ബിക്ക ഇദാ അഖ്സൽ-ഖുന വഹിയ സാലിമാ ഇന്നാ അഖ്സഹൂ ആലിമുൽ ഷദീദ്

നിന്റെ നാഥന്റെ ശിക്ഷ അപ്രകാരമാണ്. അവർ അനീതി പ്രവർത്തിക്കു ന്നവരായിരിക്കെ അവൻ അവരുടെ പട്ടണങ്ങളെ പിടികൂടി. നിശ്ചയമായും അവന്റെ ശിക്ഷ അങ്ങേയറ്റം വേദനാജനകമാണ്, കഠിനമാണ്.

നിങ്ങളുടെ മുന്നിൽ വെളിപ്പെടുത്താൻ ഇനിയും ഒരുപാട് വെളിപാടു കൾ ഉണ്ട്. പക്ഷേ, ഇന്ന് അധികം സമയമായിരിക്കുന്നു, ഇൻശാ അല്ലാഹ്, മറ്റൊരു അവസരത്തിൽ അവ നിങ്ങൾക്ക് പറഞ്ഞുതരുന്നതാണ്.

ഒരു സാധാരണക്കാരന്റെ നിത്യജീവിതത്തിൽ വെളിപാടുകൾ സാധാര ണഗതിയിൽ ഉണ്ടാകാറില്ല. പക്ഷേ, തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതനായി അല്ലാഹു ഒരു വ്യക്തിയെ നിശ്ചയിച്ചുകഴിഞ്ഞാൽ, അദ്ദേഹത്തിന്റെ മുഴുജീ വിതവും അനുഗ്രഹം നിറഞ്ഞതാകും, ആത്മീയ അനുഭൂതികളും ദൈവീക വെളിപാടുകളും കൊണ്ട് അലംകൃതവുമാകും. റമദാൻ മാസത്തിലെ അനു ഗ്രഹീത രാത്രികൾ പോലെ, അല്ലാഹുവിന്റെ ദൂതനിലെ തേജസ്സ് പ്രഭാത സൂര്യന്റെ കിരണങ്ങൾ പോലെ പ്രശോഭിതമാകും. ആ തേജസ്സ് കാലാന്ധ കാരത്തിൽ നിന്നും ലോകമാകമാനം പ്രകാശം വർഷിക്കുകയും ചെയ്യും. അല്ലാഹുവിന്റെ ഖലീഫ ആഗതനായ ഈ കാലഘട്ടം, ദിവ്യതേജസ്സിനാൽ വലയിതമായ ഒരു യുഗമാണ്. ലോകത്തിന്റെ ഓരോ മുക്കിലേയും, മൂലയി ലേയും അന്ധകാരം അകലുകയും അവിടമാകമാനം അല്ലാഹുവിന്റെ പ്രഭാവം പ്രതിഫലിക്കുകയും ചെയ്യും. എന്റെ സന്ദേശം ആഗോളസന്ദേശമാകുന്നു. മുഴുലോകത്തെയും പരിഷ്ക്കരിക്കുവാനായി ആഗതരായ എന്റെ സ്നേഹ നിധിയായ യജമാനൻ ഹസ്രത് മുഹമ്മദ് (സ) യുടെ പാത പിന്തുടർന്നാണ് ഞാൻ വന്നിരിക്കുന്നത്. പക്ഷേ, അഹോ കഷ്ടം! ലോകം അല്ലാഹുവിൽ നിന്നുള്ള ദൂതനെ തിരിച്ചറിയുന്നില്ലല്ലോ! അദ്ദേഹം, അവരുടെ അജ്ഞത യാലും പാപങ്ങളാലും ഉള്ള അന്ധകാരത്തിൽ നിന്നും പുറത്തു വരുന്നത് കാണാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ആയതിനാൽ, നമുക്ക് നമ്മെ അല്ലാഹുവിന് സമർപ്പിയ്ക്കാം. അല്ലാഹു സദാജീവിച്ചിരിക്കുന്നു.

അല്ലാഹു ഒരിയ്ക്കലും മരിയ്ക്കുകയുമില്ല. നമ്മൾ അവനെ മാത്രം ആരാധിയ്ക്കുകയും, പ്രകീർത്തിക്കുകയും ചെയ്യണം. അല്ലാഹു നമുക്ക് മതിയായവനത്രേ.

അവന്റെ സൃഷ്ടികളുടെ തിന്മകളെപ്പറ്റി അവൻ നന്നായി അറിയുന്നവനാകുന്നു. അല്ലാഹുവിനോടൊപ്പം മറ്റുള്ളവയെ ആരാധിയ്ക്കുന്നത് മതിയാക്കൂ. അല്ലാഹു ഒരേയൊരു ദൈവമാകുന്നു. ഒരിയ്ക്കലും ജാരപ്രവൃത്തിയിലേർപ്പെടരുത്. കാരണം തെറ്റുചെയ്യുന്നവരെ-തെറ്റായ പ്രവൃത്തികളിൽ ഏർപ്പെടുന്നവരെയാണ് അല്ലാഹു ശിക്ഷിക്കുക. ഈ ശിക്ഷ അന്ത്യവിധിനാളിൽ അവർക്ക് ഇരട്ടിയായി അല്ലാഹു നല്കും. അവരതിൽ അപമാനിതരായി കാലാകാലം താമസിക്കുകയും ചെയ്യും. എന്നാൽ ഈ സന്ദേശം സ്വീകരിച്ച് സ്വയം പശ്ചാത്തപിച്ചു മടങ്ങുന്നവർ ഒഴികെ. അവർ സ്വയം നന്നാക്കി, ധർമ്മ നിഷ്ഠരായിവർത്തിക്കും. അവർക്ക് അല്ലാഹു മാപ്പുനല്കും. അവരുടെ തെറ്റായ പ്രവൃത്തികളെ അവൻ പൊറുത്തുകൊടുക്കും, അവരിൽ നന്മകൾ കൊണ്ട് നിറയ്ക്കും. അവൻ അവരുടെ മേൽ അവന്റെ കാരുണ്യത്തിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കും. പശ്ചാത്തപിക്കുകയും, സുകൃതവാന്മാരായി മാറുകയും ചെയ്യുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും.

അല്ലാഹു എല്ലാ മനുഷ്യരെയും അനുഗ്രഹിയ്ക്കട്ടെ. നിങ്ങളെ എല്ലാവരെയും എല്ലാ വിപത്തുകളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. കപടവിശ്വാസികൾ ഒരിയ്ക്കലും ജീവിതത്തിൽ ഗതി പിടിയ്ക്കില്ല.

ആത്മാർത്ഥതയും, ദൈവഭയവും ഉള്ളവർ-അവർക്കുമാത്രമേ മോക്ഷപ്രാപ്തി ലഭ്യമാകൂ, ആ അവസ്ഥയിൽ അവരെ ഭയമോ, വേദനയോ ദുഃഖമോ ബാധിക്കുന്നതല്ല.

വിശ്വസിക്കുകയും, സത്ക്കർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്തവർ; അവർക്ക് സ്വർഗ്ഗീയ ആരാമങ്ങൾ ഉണ്ട്. അവരതിൽ ചിരകാലം വസിക്കുന്നവരായിരിക്കും. അവരതിൽ നിന്നും പുറത്താക്കപ്പെടാനാഗ്രഹിയ്ക്കുകമില്ല.

മാനവരാശിയെയും, പ്രത്യേകിച്ച് മുസ്ലിംകളെയും ഇസ്ലാമിന്റെ യഥാർത്ഥ പാത പിന്തുടരുന്നതിന് അല്ലാഹു അനുഗ്രഹിയ്ക്കുമാറാകട്ടെ ആമീൻ! ഇൻശാ അല്ലാഹ്! ആമീൻ




***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***